108

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം



# ഹിന്ദു വിവാഹങ്ങൾ (നടപടികൾ സാധൂകരിക്കൽ) ആക്റ്റ്, 1960

(1960-ലെ 19-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ്സ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്

1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു വിവാഹങ്ങൾ (നടപടികൾ സാധൂകരിക്കൽ) ആക്‌റ്റ്, 1960

## (1960-ലെ 19-ാം ആക്‌റ്റ്)

**(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ്സ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്

1974

© കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു വിവാഹങ്ങൾ (നടപടികൾ സാധൂകരിക്കൽ) ആക്റ്റ്, 1960

(1960-ലെ 19-ാം നമ്പർ ആക്റ്റ്)

ഹിന്ദു വിവാഹ ആക്റ്റ്, 1955-ന്റെ കീഴിലുള്ള ചില നടപടികൾ സാധൂകരിക്കുവാനുള്ള ആക്റ്റ്

[1960 മേയ് 6]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 'ഹിന്ദുവിവാഹങ്ങൾ (നടപടികൾ സാധൂകരിക്കൽ) ആക്റ്റ്, 1960 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മൂ-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

2. ചില കോടതികളിലെ 1955-ലെ 25-ാം ആക്റ്റിൻകീഴിലുള്ള നടപടികൾ സാധൂകരിക്കൽ.—(1) (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും കോടതി ഹിന്ദുവിവാഹ ആക്റ്റ്, 1955-ന്റെ കീഴിലുള്ള അധികാരിത പ്രയോഗിച്ചുകൊണ്ടോ അല്ലെങ്കിൽ പ്രയോഗിക്കുകയാണെന്ന് കരുതപ്പെടുന്ന വിധത്തിലോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പായി എടുത്തിട്ടുള്ള എല്ലാ നടപടികളും പാസ്സാക്കിയിട്ടുള്ള എല്ലാ വിധികളും ഉത്തരവുകളും, അങ്ങനെയുള്ള അധികാരിത പ്രയോഗിക്കുകയോ പ്രയോഗിക്കുകയാണെന്നു കരുതപ്പെടുകയോ ചെയ്യുന്ന കോടതി മേൽപ്പറഞ്ഞ ആക്റ്റിന്റെ അർത്ഥത്തിൽ ഒരു ജില്ലാക്കോടതി ആയിരുന്നാലെന്നപോലെ, ഏതെങ്കിലും കോടതിയുടെ വിധിന്യായമോ വിധിയോ ഉത്തരവോ ഉണ്ടായിരുന്നാൽതന്നെയും, നിയമപ്രകാരം അന്യൂനമായതും സാധുതയുള്ളതും ആയി കരുതപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച കോടതികൾ താഴെപ്പറയുന്നവയാകുന്നു; അതായത്:—

അഡീഷണൽ ജഡ്ജിയുടേയും, അഡീഷണൽ ജില്ലാ ജഡ്ജിയുടേയും, ജായിൻറ് ജില്ലാ ജഡ്ജിയുടേയും, അസിസ്റ്റൻറ് ജില്ലാ ജഡ്ജിയുടേയും, അസിസ്റ്റൻറ് ജഡ്ജിയുടേയും കോടതിയും, ഒരു സബോർഡിനേററ് ജഡ്ജിയുടെ കോടതിയുടെ പദവിക്ക് താഴെയല്ലാത്ത മറേറതെങ്കിലും കോടതിയും—അത് ഏതുപേരിൽ അറിയപ്പെടുന്നതായാലും.

---

3/2557/V